**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.3038

21.06.2013 ൽ മറുപടി
നല്കേണ്ടിയിരുന്നത്

## നഗര വികസന അതോറിറ്റികളുടെ സ്ഥലങ്ങളും കെട്ടിടങ്ങളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) |
| എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തിരിച്ചെടുത്ത നഗര വികസന അതോറിറ്റികളുടെ സ്ഥലങ്ങളും കെട്ടിടങ്ങളും തിരിച്ചുനല്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ; | എ) ഉണ്ട് |
| ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ; | ബി)കൊല്ലം , തൃശ്ശൂർ,കോഴിക്കോട് എന്നീ വികസന & അതോറിറ്റികളുടെ ആസ്തി ബാദ്ധ്യതകൾ അതാത് |
| സി) സ്ഥലങ്ങളും കെട്ടിടങ്ങളും തിരിച്ചുനല്കാനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ; | സി) കോർപ്പറേഷനുകൾക്ക് കൈമാറിയതുമൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ പ്രസ്തുത വികസന അതോറിറ്റികളുടെ പ്രവർത്തനം തുടരേണ്ടത് അവ നിലനിൽക്കുന്ന നഗരങ്ങളുടെയും പരിസര പ്രദേശങ്ങളുടെയും സമഗ്ര വികസനത്തിന് ആവശ്യമാണെന്നു കണ്ടാണ് സർക്കാർ ഇങ്ങനെ തീരുമാനമെടുത്തത് |
| ഡി) തിരിച്ചു നല്കുന്ന സ്ഥലങ്ങളും കെട്ടിടങ്ങളും എങ്ങനെ പ്രയോജനപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത് ; വെളിപ്പെടുത്തുമോ ? | ഡി) അതാതു വികസന അതോറിറ്റികൾ അവയുടെ അധികാര പരിധിയിൽ വരുന്ന പ്രദേശങ്ങളുടെ സമഗ്രമായ വികസന പ്രവർത്തനങ്ങൾ സർക്കാരിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി ആസൂത്രണം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ടി ആയവയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, ജനറൽ കൗൺസിൽ എന്നിവയുടെ തീരുമാനങ്ങൾക്ക് അനുസരിച്ച് തിരികെ നല്കുന്ന സ്ഥലങ്ങളും കെട്ടിടങ്ങളും പ്രയോജനപ്പെടുത്തും. |

സെക്ഷൻ ഓഫീസർ